(സി)-(ഡി) 1996 ജൂണിലെയും 1999 നവംബറിലെയും മാവേലി സ്റ്റോറുകളിലെ വില താരതമ്യം ചെയ്യുന്ന പട്ടിക അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†

റേഷൻ സാധനങ്ങൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡി.

70 (116) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗത്ത് റേഷൻ സാധനങ്ങൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡി നിറുത്തലാക്കുവാനോ, ഭാഗികമായി കുറയ്ക്കുവാനോ, കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് നിർദ്ദേശങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ സാധനങ്ങളുടെ നിലവിലുള്ള സബ്സിഡിയിൽ മാറ്റം വരുത്തിയാൽ പൊതുജനങ്ങൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ട് സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിൽ നിന്നും ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) സബ്സിഡി നിർത്തലാക്കിയാൽ റേഷൻ വിതരണത്തെ ബാധിക്കുമെന്നും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുമെന്നും സർക്കാരിന് ബോദ്ധ്യമുണ്ട്.

(സി) കേന്ദ്ര സർക്കാർ റേഷൻ സബ്സിഡി നിർത്തലാക്കുകയാണെങ്കിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് പരമാവധി ലഘൂകരിക്കത്തക്ക വിധത്തിൽ സംസ്ഥാന സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

റീട്ടെയിൽ റേഷൻ ഷോപ്പ് അനുവദിക്കുന്നതിൽ നിയന്ത്രണം

71(117) ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി റേഷൻ റീട്ടെയിൽ ഷോപ്പ് അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ;

(ബി) ഒരു റീട്ടെയിൽ റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് കുറഞ്ഞത് എത്ര റേഷൻ കാർഡുകൾ ഉണ്ടായിരിക്കണം;

(സി) നിശ്ചിത റേഷൻ കാർഡുകൾ ഇല്ലെന്ന കാരണത്താൽ വളരെ ദൂരം സഞ്ചരിച്ച് റേഷൻ സാധനങ്ങൾ വാങ്ങേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ അത്തരം സ്ഥലങ്ങളിൽ പുതിയ എ.ആർ.ഡി. അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാരിന്റെ 16.11.95-ലെ 3516/ബി.3/95/ഭ.സി.സ.വ. സർക്കുലർ പ്രകാരം ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പുതുതായി റേഷൻകട അനുവദിക്കുന്നതിന് കുറഞ്ഞത് 400 കാർഡുകൾ എങ്കിലും ഉണ്ടായിരിക്കേണ്ടതും അങ്ങനെ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സമീപപ്രദേശങ്ങളിലെ റേഷൻകടകളിൽ 400 കാർഡുകളിൽ കുറയാൻ പാടില്ലാത്തതുമാകുന്നു.

(സി) പ്രദേശത്തിന്റെ പ്രത്യേകതകൾ പരിശോധിച്ചശേഷം യുക്തമായ തീരുമാനം എടുക്കാറുണ്ട്.

ന്യായവില മെഡിക്കൽ ഷോപ്പുകൾ

72 (118)ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ന്യായവില മെഡിക്കൽ ഷോപ്പുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതു മാനദണ്ഡമനുസരിച്ചാണ് ന്യായവില മെഡിക്കൽ ഷോപ്പുകൾ അനുവദിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) വർക്കല നഗരസഭ കേന്ദ്രമാക്കി ഒരു ന്യായവില മെഡിക്കൽ ഷോപ്പ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ 13 മാവേലി മെഡിക്കൽ ഷോപ്പുകൾ നിലവിലുണ്ട്.

(ബി) മാവേലി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നതിലുള്ള സൗകര്യപ്രദമായ സ്ഥലം കിട്ടുന്ന മുറക്ക് എല്ലാ താലൂക്ക്, ജില്ലാ ആസ്ഥാനങ്ങളിലും മെഡിക്കൽ സ്റ്റോർ തുടങ്ങുവാനാണ് നിശ്ചയിച്ചിരിക്കുന്നത്.

(സി) ആറ്റിങ്ങൽ താലൂക്കിൽ ആറ്റിങ്ങൽ-കച്ചേരി ജംഗ്ഷനിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോർ തുടങ്ങുവാൻ വേണ്ട ഒരുക്കങ്ങൾ പൂർത്തിയായിട്ടുണ്ട്. വർക്കല നഗരസഭ ആറ്റിങ്ങൽ താലൂക്കിൽപ്പെട്ട സ്ഥലമായതിനാൽ ഇനിയൊരു മാവേലി മെഡിക്കൽ സ്റ്റോർ കൂടി തുടങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഇപ്പോൾ പരിഗണിക്കുന്നില്ല.

അരി വിതരണം

73 (119) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ -വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ മോശമായ അരി വിതരണം ചെയ്യുന്നതിനാൽ അരി വാങ്ങി വിതരണം ചെയ്യുവാൻ റേഷൻ ഷോപ്പുടമകൾ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നല്ലയിനം അരി വിതരണം ചെയ്യുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly